ജ്യോതിഷ പംക്തി

# ഈ മാസം എന്ത് എങ്ങിനെ? 1185 വൃശ്ചികം 01-30 (2009 നവംബർ 16 - ഡിസംബർ 15)



## കോവിലകം വർമ (ജ്യോതിഷ വിശാരദ്)

*ജ്യോതിഷ ക്ഷേത്രം, എസ് എസ് സ്ട്രീറ്റ്, കരമന പി ഒ,*
*തിരുവനന്തപുരം - 695002. കേരള സ്റ്റേറ്റ്, സൗത്ത് ഇന്ത്യ*
*ഫോൺ: 0471 2343597*
*Web: www.kovilakamvarma.com*

**മേടക്കൂറ്: അശ്വതി-ഭരണി-കാർത്തിക 1/4:** ചാഞ്ചല്യചിന്തകൾ മാറി ആത്മവിശ്വാസം ബലക്കും. സധൈര്യജയവിശ്വാസാദികളോടെ നൂതന കർമപദ്ധതികളിലേക്ക് കടക്കാൻ കഴിയും. വിഘ്നക്ലേശാദികൾ മാറിയകലും. കാര്യസാധ്യ അനുകൂല നില തെളിഞ്ഞുവരും. മാസാദ്യപകുതിയിൽ മേൻമകൾ കൂടും. കാർത്തി നക്ഷത്രക്കാർക്ക് ശത്രുക്കൾ കൂടിവരും. 9, 14, 22 തീയതികൾ, തിങ്കളാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: അതിദോഷാവസ്ഥകൾക്ക് ശമനമെന്ന ബോധ്യം.

**ഇടവക്കൂറ്: കാർത്തിക 3/4, രോഹിണി, മകയിരം 1/2:** നിശ്ചയിച്ചുറച്ച കാര്യങ്ങൾക്ക് സാധ്യ തടസങ്ങൾ ഒന്നിനൊന്ന് ശക്തമാകും. പാഴ്ചെലവുകൾ കൂടിവരും. ആശ്രിതരും പങ്കാളികളും വിശ്വസിച്ചവരും പ്രതിയോഗികളും പ്രശ്നശല്യകർത്താക്കളുമായിത്തീരും. വരുമാന മുന്നേറ്റം ഉണ്ടാകുന്നതാണ്. വലത് ചെവി, കണ്ഠം ഇവയിൽ വേദന ഉണ്ടാകും. മകയിരം നക്ഷത്രക്കാർക്ക് നല്ല ഉത്തമ ബന്ധങ്ങളുടെ കൂടിച്ചേരൽ സാധ്യമാകും. മാസാദ്യ പകുതിയിൽ യാത്രകൾ ദോഷപ്പെടും. 5, 11, 28 തീയതികൾ, ബുധനാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: ഭയഭീതി ആശങ്കകളെ വളർത്തുന്ന കടത്തിൻെറ ആധിക്യം.

**മിഥുനക്കൂറ്: മകരയിരം 1/2-തിരുവാതിര-പുണർതം 3/4:** വരുമാന മാർഗങ്ങൾ പുഷ്ടിപ്പെടും. കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ അനുവദിക്കപ്പെടും. എതിർപ്പും ശല്യങ്ങളും പൊതുവെ കുറയും. സമ്പാദ്യനില മെച്ചപ്പെടും. ഭാഗ്യതരമെല്ലെങ്കിലും കഷ്ടതകൾക്ക് ശമനം കണ്ടുതുടങ്ങും. കർമതലം കൂടുതൽ ക്ലേശവിമുക്തമാകും. ഭാവിനേട്ടങ്ങൾക്ക് വേണ്ടി ചെയ്യുന്നവ ഫലവത്താകും. മാസാദ്യ പകുതി നൂതന കരാറുകൾക്ക് നല്ലത്. ഇടതു തോളെല്ലിന് പരിക്കേൽക്കാൻ സാധ്യത. പുണർതം നക്ഷത്രക്കാർക്ക് ആധി സങ്കടങ്ങൾ കുറയും. 2, 7, 26 തീയതികൾ, ശനിയാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: വെല്ലുവിളിച്ച് എതിർത്ത് നിന്നവരുടെ പതനവും തോൽവിയും വീഴ്ചയും അവശതയും അറിയാനിടവരും.

**കർക്കടകക്കൂറ്: പുണർതം 1/4-പൂയം-ആയില്യം:** കുടുംബബന്ധങ്ങൾ ഉലയും. ഉപദേശ നിർദേശങ്ങൾക്ക് മോശമായ പ്രതികരണങ്ങൾ ഉണ്ടാകും. ഒപ്പം നിൽക്കേണ്ടവർക്ക് തെറ്റിദ്ധാരണകളും നിസ്സഹകരണ വ്യഗ്രതയും കൂടിവരും. ദൈവാധീനം അനുകൂലമായതിനാൽ കടുത്ത പ്രതിബന്ധങ്ങൾ അതിജീവിക്കപ്പെടും. വൻ മുതൽ മുടക്കുള്ള പ്രവരത്തന പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ പ്രയാസം കൂടും. വിദ്യാ താൽപര്യം കുറയും. മാസാന്ത്യ പകുതിയിൽ സഫലയോഗം ബലവത്തല്ല. ആയില്യം നക്ഷത്രക്കാർക്ക് മിത്രവിയോഗം സംഭവിക്കും. 5, 18, 29 തീയതികൾ, വെള്ളിയാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: ആകസ്മിക അധിക ചെലവും മിത്രവിദ്വേഷവും.

**ചിങ്ങക്കൂറ്: മകം-പൂരം-ഉത്രം 1/4:** മുടക്കവും അസാധ്യതയും പ്രതികൂല നിലക്കു തുടർന്നുവന്നവരിൽ മുന്നേറ്റസാധ്യ അനുകൂലാവസ്ഥ കണ്ട് തുടങ്ങും. സ്വയംതൊഴിൽ ചെയ്യുന്നവർക്ക് ആദായ സ്രോതസ് സമ്പുഷ്ടമാകും. ശത്രുതമറന്ന് വിട്ടുനിന്നവർ നല്ല സഹകരണത്തിന് മുതിരും. തരേണ്ടവർ വാക്ക് മാറ്റുമെന്നതിനാൽ കൊടുക്കേണ്ടവർക്ക് വാക്ക് പാലിക്കാനാകാതെ വരും. സമയം വളരെ ഭാഗ്യതരമല്ലെങ്കിലും ദോഷഫലങ്ങൾ പൊതുവെ കുറയും. വിവാഹ മുടക്കം മാറി തുടങ്ങും. മാസാദ്യപകുതിയിൽ അബദ്ധങ്ങൾക്ക് സാധ്യത അധികം. ഉത്രം നക്ഷത്രക്കാർക്ക് നല്ലവരുടെ ചേർച്ച സംഭവിക്കും. 7, 16, 20 തീയതികൾ, ബുധനാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: വിദ്വേഷശല്യപ്രതികരണങ്ങൾക്ക് അയവ്.

**കന്നിക്കൂറ്: ഉത്രം 3/4-അത്തം-ചിത്തിര 1/2:** ക്രയവിക്രയം കടകുരുക്കുകളിലകപ്പെടുത്തും. മുതലുകൾക്ക് നഷ്ടം വരും. വരുമാന ഉപാധി മാർഗങ്ങൾ ദോഷപ്പെടും. പകയാളികൾ കൂടിവരും. കാൽവണ്ണയ്ക്ക് പരിക്കേൽക്കും. അപരിചിതരുടെ മര്യാദയില്ലാത്ത സമീപനങ്ങളെ നേരിടേണ്ടതായിവരും. സ്ഥാപനത്തിൽ നിർദയ അധികാരികളുടെ പരിശോധനകൾ ദോഷം ചെയ്യും. ദോഷകർമരഹസ്യമർഗങ്ങൾ ഒറ്റുകാരാൽ ചോർത്തപ്പെടും. മാസാദ്യത്തിൽ മേൻമകൾ ഇല്ല. ചിത്തിര നക്ഷത്രക്കാർക്ക് ആതുരാലയ ചെലവ് കൂടും. 2, 19, 26 തീയതികൾ, ഞായറാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: എല്ലാ മുൻകരുതലുകളും പാളിപ്പോയതിൻെറ ദോഷാവസ്ഥകൾ.

**തുലാക്കൂറ്: ചിത്തിര 1/2 -ചോതി-വിശാഖം 3/4:** ദീർഘകാല ലക്ഷ്യങ്ങൾ മോഹ ഇംഗിതങ്ങൾ ഇവയ്ക്ക് സാധ്യസഫല മാർഗങ്ങൾ തെളിയും. ന്യായമല്ലാത്ത വാദ തർക്കങ്ങളുന്നയിച്ചുകൊണ്ട് ക്ലേശ ദുർഘടങ്ങൾ പലതും ഉണ്ടാകുമെങ്കിലും അവയെ തരണം ചെയ്യുന്നതിന് വേണ്ട യോഗബലം ഉണ്ട്. നിശ്ചയിച്ചുറച്ച തീരുമാനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയും. കരൾസംബന്ധ രോഗം ശല്യപ്പെടുത്തും. മാസാന്ത്യപകുതിയിൽ യാത്രകൾ ഗുണം ചെയ്യും. വിശാഖം നക്ഷത്രക്കാർക്ക് മത്സരങ്ങളിൽ പ്രതീക്ഷിച്ച ജയം തെന്നിമാറിപ്പോയെന്ന് വരും. 3, 17, 22 തീയതികൾ, വ്യാഴാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: ഗുണകരങ്ങളായ പ്രയോജന മേൻമകൾ ഉണ്ടാകുമെന്നതിൻെറ നല്ല സൂചനകളുടെ ബോധ്യപ്പെടൽ.

**വൃശ്ചികക്കൂറ്: വിശാഖം 1/4-അനിഴം-കേട്ട:** സ്വപക്ഷ ചായ്വുണ്ടായിരുന്നവർ അന്യപക്ഷത്ത് ചേർന്ന് അനുകൂലികളായിരുന്നവരെ തെറ്റിദ്ധരിപ്പിച്ച് അകറ്റും. വിലപ്പെട്ട മുതലുകൾ പണയ വിൽപനകളിലൂടെ കൈവിടേണ്ടതായിവരും. വലിയ തുകകളുടെ സമാഹകരണ ആവശ്യം കൂടിവരും. സ്ഥാപനസ്ഥാനാദികൾ ഒഴിഞ്ഞുകൊടുക്കേണ്ടതായിവരും. അടിസ്ഥാന പിൻബലാദികൾക്ക് തകർച്ച ഭവിക്കും. മാസാദ്യപകുതിയിൽ അപവാദ സാധ്യത അധികം. കേട്ട നക്ഷത്രക്കാർക്ക് വാഹനാപകട സാധ്യത ഉണ്ട്. 8, 14, 27 തീയതികൾ, ശനിയാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: ഒട്ടും പ്രതീക്ഷിക്കാത്ത ദോഷകര പ്രതികരണം ബന്ധതലങ്ങളിൽ നിന്നും.

**ധനുക്കൂറ്: മൂലം-പൂരാടം-ഉത്രാടം 1/4:** പ്രിയപ്പെട്ടവരിൽ നിന്ന് അകന്നും കലഹിച്ചും കഴിയേണ്ടതാണ്ടിവരും. ദുഃസഹനൈരാശ്യങ്ങളും കഷ്ടതകളും മോശകരമായ പ്രതികരണങ്ങളും സമ്പർക്കതലങ്ങളിൽ നിന്ന് നേരിടും. ഒന്നിനും ഒന്നും അനുകൂലമായിരിക്കുന്നതല്ല. ധനസ്ഥിതി മെച്ചപ്പെടും. ധാരാളം ധനം കൈവരും. കിട്ടേണ്ടതായ പ്രയോജനങ്ങൾ കാര്യാലയതീർപ്പുകളുടെ വൈകലിൽ നഷ്ടപ്പെടുകയോ വിഘ്നപ്പെടുകയോ ചെയ്യും. മാസാന്ത്യപകുതിയിൽ കാര്യനാശം ശക്തം. 5, 18, 21 തീയതികൾ, തിങ്കളാഴ്ചകൾ ഇവ ശുഭകരം. ഉത്രാടം നക്ഷത്രക്കാർക്ക് കുടുംബസൗഖ്യഭംഗം നേരിടും. അധികതീർച്ച: അനുവാദസമ്മതാദികളാൽ പ്രശ്നങ്ങളും വിനയും ശല്യനഷ്ടങ്ങളും ശത്രുതയും.

**മകരക്കൂറ്: ഉത്രാടം 3/4-തിരുവോണം-അവിട്ടം 1/2:** വലിയതുകകൾ വരേണ്ടവ പലരിലായി കുടുങ്ങിപോകുന്നതാണ്. പിഴയും പലിശയും നഷ്ടഈടുമായി വലിയ തുകകൾ വിട്ടൊഴിയുന്നതാണ്. പൂർവസമ്പാദ്യങ്ങൾ മുഴുവനും തീർന്നതായി അനുഭവപ്പെടും. വരുമാനം കൂടിയിട്ടും ധനസ്ഥിതി വളരെ മോശപ്പെട്ടതായി അനുഭവപ്പെടും. ദോഷകരമായ വിഭജനങ്ങൾക്ക് സമ്മത അനുവാദങ്ങൾ നൽകേണ്ടതായിവരും. മാസാദ്യപകുതിയിൽ മേൻമകളുണ്ട്. 6, 17, 25 തീയതികൾ, ബുധനാഴ്ചകൾ ഇവ ശുഭകരം. അവിട്ടം നക്ഷത്രക്കാർക്ക് അവിചാരിത പുണ്യസ്ഥലയാത്ര സംഭവിക്കും. അധികതീർച്ച: കഷ്ടതകൾക്കിടയിൽ ആശ്വാസമെന്നവണ്ണം ആകസ്മികമായി ചിലരിൽ നിന്നുള്ള നല്ല സഹായ സഹകരണങ്ങൾ.

**കുംഭക്കൂറ്: അവിട്ടം 1/2- ചതയം-പൂരുരുട്ടാതി 3/4:** കഷ്ടതകളും പ്രതിബന്ധങ്ങളും കുറയും. വ്യവഹാരങ്ങളിൽ അനുകൂലമായ തീർപ്പുകളുണ്ടാകും. നൂതന സൗഹൃദങ്ങൾ ഗുണകരങ്ങളാകും. പ്രതീക്ഷകൾക്കൊത്ത് കാര്യകർമഗതിയിൽ സഫലനീക്കങ്ങൾ ഉണ്ടാകും. എതിർപ്പും ശത്രുക്കളും ശക്തമാണെങ്കിലും അവ അധികം ദോഷപ്പെടുത്തുന്നതല്ല. മാസാന്ത്യ പകുതിയിൽ കാര്യസാധ്യയോഗബലം ഉണ്ട്. പൂരുരുട്ടാതി നക്ഷത്രക്കാർക്ക് കർമമാറ്റം ഗുണകരമാകും. 2, 23, 29 തീയതികൾ, തിങ്കളാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: വലിയൊരു വിപത്തിൻെറ അതിശയകരമെന്നവണ്ണമുള്ള ഒഴിവാക്കൽ.

**മീനക്കൂറ്: പൂരുരുട്ടാതി 1/4 -ഉത്രട്ടാതി-രേവതി:** ജീവിത സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ശ്രമം നടക്കും. വലിയ ചെലവുകൾ ചെയ്ത് വസ്തുവകകളിൽ കൂടുതൽ പരിഷ്കാരങ്ങൾ വരുത്തും. മദ്യസ്ഥത ദോഷവിനകളെ ഉണ്ടാക്കും. കരാറ് വ്യവസ്ഥകളിൻമേൽ ചെയ്ത പണികൾക്ക് കുറ്റപ്പെടുത്തലുകളുണ്ടാകും. വരുമാന മാർഗം വിപുലമാക്കാൻ ശ്രമിച്ചത് ദോഷപ്പെടുത്തും. പാദങ്ങളിൽ അസ്തിക്ഷതം ഭവിക്കും. മാസാദ്യപകുതിയിൽ മേൻമകൾ കുറവ്. രേവതി നക്ഷത്രക്കാർക്ക് ദാമ്പത്യസൗഖ്യം കുറയും. 7, 19, 21 തീയതികൾ, വെള്ളിയാഴ്ചകൾ ഇവ ശുഭകരം. അധികതീർച്ച: വിവരദോഷിയുടെ സഹവർത്തിത്വം വരുത്തിവെച്ച വിനയുടെ ദോഷഫലങ്ങളുടെ ആധിക്യം.

## വൃശ്ചിക മാസ ജാതകരേ... ഇവ ശ്രദ്ധിക്കുവിൻ

1. കൂട്ടുപ്രവർത്തനങ്ങളും പങ്കാളിത്തവും കൂടുതൽ ഗുണകരമാകുന്നതും പ്രയോജനപ്പെടുന്നതും തനിക്കായിരിക്കുന്നതല്ല.
2. സ്വാർഥ താൽപര്യം വെടിഞ്ഞ് കടുപ്രയത്നം ചെയ്ത് അവയുടെ സഫലപ്രാപ്തി അന്ത്യത്തിൽ അന്യർക്കായിത്തീരും.
3. വേണ്ടതിൻെറയും ആശിച്ചതിൻെറയും നഷ്ടങ്ങളുടെ കണക്കും തോതും ഗതകാലങ്ങളിൽ മുന്തിനിൽക്കും.
4. ആത്മാർഥ വിശ്വാസ്യതയോടുള്ള അടുപ്പങ്ങളുടെ അന്ത്യം തനിക്ക് തരുന്നത് നഷ്ടദോഷകഷ്ഠതകളും വിനകുരുക്കുകളും ആയിരിക്കും.
5. എല്ലാം എന്തും ആരോടു തുറന്ന് പറഞ്ഞ് അന്ത്യത്തിൽ അവതന്നെ ദോഷപ്പെടുത്തുന്നതായിത്തീരും.
6. ഭഗവതി - ഭദ്ര - ഭൈരവൻ - സുബ്രഹ്മണ്യൻ എന്നീ മൂർത്തികൾ വേഗത്തിൽ അനുഗ്രഹിക്കും. പ്രസാദിക്കും കനിയും രക്ഷിക്കും.
7. ക്ഷിപ്രകോപത്തിനൊപ്പം ആർദ്രതയുള്ള ഔദാര്യമാനസവും ശക്തമായിരിക്കും.
8. സ്വന്തം വിനാശപതന തകർച്ചകൾക്ക് മുഖ്യകാരണം തന്നിൽതന്നെ വളർന്ന് ശക്തമാകും.
9. ആർക്കും ഉപദ്രവി ആകാതെ അനേകം ഉപദ്രവികളെ ഉണ്ടാക്കിയെടുത്ത് പ്രയാസപ്പെടും.
10. നല്ല ബന്ധങ്ങൾ ധാരാളം ഉണ്ടാക്കിയെടുക്കും. അവ നിലനിർത്തുന്നതിൽ പരാജയപ്പെടും.

# വേൾഡ് മലയാളി കൗൺസിൽ വിദ്യാർഥി സംഗമം തൃശൂരിൽ

തിരുവനന്തപുരം: വേൾഡ് മലയാളി കൗൺസിൽ ഡിസംബർ 28, 29, 30 തീയതികളിൽ തൃശൂർ ലുലു ഇൻറർനാഷണൽ സെൻററിൽ നടത്തുന്ന സംസ്ഥാനതല വിദ്യാർഥി സംഗമത്തിൻെറ ഉദ്ഘാടനം സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ ജി ബാലകൃഷ്ണൻ നിർവഹിക്കും. മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൾ കലാം പ്രഭാഷണം നടത്തും. ഓസ്കർ ജേതാവ് റസൂൽ പൂക്കുട്ടി ചടങ്ങിൽ സംബന്ധിക്കും.

കേരളത്തിലെ നാനൂറോളം ആർട്സ് & സയൻസ്, എൻജിനീയറിംഗ്, മെഡിക്കൽ കോളജുകളിൽ നിന്നായി 1500 ജില്ലാതല ക്യാമ്പുകളുടെ അവസാനഘട്ടമായാണു സംസ്ഥാനതല സമ്മേളനം. ജില്ലകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവർക്കു പുറമെ കോളജ് മേധാവിയുടെ സാക്ഷ്യപത്രത്തോടെ എത്തുന്ന വിദ്യാർഥികൾക്കും പങ്കെടുക്കാം. വേൾഡ് മലയാളി കൗൺസിലിൻെറ ഓൾട്ടിയൂസ് നേതൃപരിശീലന പദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനമാണിത്. ലുലു വ്യവസായ ശൃംഖലയുടെ മേധാവി എം എ യൂസഫലി, ഹോട്ടൽ വ്യവസായ രംഗത്തെ അതികായരായ ലീലാ ഗ്രൂപ്പിൻെറ സാരഥി ക്യാപ്റ്റൻ കൃഷ്ണൻ നായർ, നിർമാണ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച രവി പിള്ള, സിംഗപ്പൂർ വ്യവസായ പ്രമുഖൻ സണ്ണി ജോസഫ്, ചോളയിൽ ഗ്രൂപ്പിൻെറ ചെയർമാൻ എ വി അനൂപ് തുടങ്ങിയവർ വിദ്യാർഥികളുമായി സംവദിക്കും. നാസ്കോം സംഘടിപ്പിക്കുന്ന സിംപോസിയവുമുണ്ടാകും. 'ആഗോള നിലവാരമുള്ള സംസ്കാരം രൂപപ്പെടുത്തുന്നതിൽ ഇന്ത്യൻ യുവജനതയുടെ പങ്ക്' എന്ന വിഷയത്തെപ്പറ്റി കൊളംബിയ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ജേണലിസം ഡീൻ ശ്രീനാഥ് ശ്രീനിവാസൻ പ്രസംഗിക്കും.

മികവു തെളിയിക്കുന്ന വിദ്യാർഥികളെ തിരഞ്ഞെടുത്ത് സൗജന്യമായി 2010 ൽ ദോഹയിൽ നടക്കുന്ന വേൾഡ് മലയാളി കൗൺസിലിൻെറ സമ്മേളനത്തിൽ പങ്കെടുപ്പിക്കുകയും വിവിധ രാജ്യങ്ങളുമായി ചേർന്നു സംഘടിപ്പിക്കുന്ന സാംസ്കാരിക വിനിമയ പരിപാടികളിൽ പങ്കെടുക്കാൻ അവസരം നൽകുകയും ചെയ്യും.

പ്രിയദാസ് ജി മംഗലത്ത് ജനറൽ കൺവീനറായുള്ള ഓൾട്ടിയൂസ് ടീമിൽ അനോജ് കുമാർ (പ്രസിഡൻറ്, വേൾഡ് മലയാളി കൗൺസിൽ കേരള ഘടകം), അനൂപ് ധന്വന്തരി (സെക്രട്ടറി, കേരള ഘടകം), ബിജു വർഗീസ് (ഓൾട്ടിയൂസ് യൂത്ത്.കോം എന്നിവരാണു മറ്റു ഭാരവാഹികൾ




*കേന്ദ്രീയ വിദ്യാലയങ്ങളിൽ നിന്നുള്ള മികച്ച പ്രിൻസിപ്പൽമാർക്കുള്ള അവാർഡ് തിരുവനന്തപുരം കേന്ദ്രീയ വിദ്യാലയത്തിൻെറ പ്രിൻസിപ്പൽ സിസി റോയിക്ക് കേന്ദ്രമന്ത്രി കപിൽ സിബൽ സമ്മാനിക്കുന്നു. 851 കേന്ദ്രീയ വിദ്യാലയങ്ങളിൽ നിന്നും നാല് പ്രിൻസിപ്പൽമാർക്കാണ് അവാർഡ് ലഭിച്ചത്. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്.*